## പതിമൂന്നാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1725 — 17.06.2013 ന് മറുപടിയ്ക്ക്.

### കൃഷിഭൂമിയിൽ വന്യമൃഗങ്ങളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ചന്ദ്രൻ | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) വനമേഖലയോടു ചേർന്നുകിടക്കുന്ന കൃഷിഭൂമിയിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലം കൃഷി വ്യാപകമായി നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കൃഷിയേയും ജനങ്ങളേയും സം രക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കൃഷിയേയും ജനങ്ങളേയും സംരക്ഷിക്കുന്നതിനു വേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.<br>2. സൗരോർജ്ജ – വൈദ്യുത കമ്പിവേലികളുടെ നിർമ്മാണം.<br>3. കയ്യാലകളുടെ നിർമ്മാണം.<br>4. ആനകളുടെ സഞ്ചാരപഥം പുന:സ്ഥാപിക്കുന്നതിന് ആനത്താരാ പദ്ധതിയിൻ കീഴിൽ സ്വകാര്യ സ്ഥലം ഏറ്റെടുത്ത് ആനത്താരകൾ പുനസ്ഥാപിക്കുന്ന പ്രവർത്തനം.<br>5. വന്യജീവി സങ്കേതങ്ങൾക്കുള്ളിലെ സെറ്റിൽമെന്റുകളിൽ താമസിക്കുന്നവരിൽ വനത്തിനു പുറത്തേക്ക് മാറി താമസിക്കാൻ സന്നദ്ധരായവരെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടി.<br>6. കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുക. |

7. വനാതിർത്തിയിൽ ജൈവവേലി നിർമ്മിക്കുന്നതിനും വന്യജീവികൾക്ക് ഭക്ഷണവും ജലലഭ്യതയും ഉറപ്പ് വരുത്തുന്ന തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.
8. കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ 8 റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ രൂപീകരണം.
9. വിളകൾ നശിപ്പിക്കുന്ന കാട്ടു പന്നികളെ വ്യവസ്ഥകൾക്ക് വിധേയമായി വെടിവെച്ച കൊല്ലുന്നതിനുള്ള അനുമതി.

(സി) മയിലുകളുടെ വംശവർദ്ധനമൂലം നാട്ടിൻപുറങ്ങളിൽ കൃഷിനാശം വ്യാപകമായ സാഹചര്യത്തിൽ പരിഹാരം കാണുവാനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടു ണ്ടോ; വ്യക്തമാക്കാമോ;

(സി) വ്യാപകമായ രീതിയിൽ കൃഷിനാശം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒറ്റപ്പെട്ട പ്രദേശങ്ങളിൽ ഉണ്ടാകുന്ന കൃഷിനാശം കുറയ്ക്കുന്നതിനായി വനത്തിനകത്തു തന്നെ ആഹാര ലഭ്യത വർദ്ധിപ്പിച്ച് നടപടികൾ സ്വീകരിച്ച വരുന്നു.

(ഡി) മയിലുകളുടെ വംശവർദ്ധനയെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സർവ്വേകൾ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ഡി) ഇല്ല.

സെക്ഷൻ ഓഫീസർ.